പന്ത്രണ്ടാം ധനകാര്യ കമ്മീഷനുമായുള്ള ചർച്ച

*5 [4] പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. എം. മുരളി:
,, തേറമ്പിൽ രാമകൃഷ്ണൻ:
,, എം. കെ. പോൾസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 12-ാം ധനകാര്യ കമ്മീഷന് സംസ്ഥാനം നിവേദനം നൽകുകയുണ്ടായോ; എങ്കിൽ എന്തെല്ലാം ആവശ്യങ്ങളാണ് അതിൽ ഉന്നയിച്ചിട്ടുള്ളത്;

(ബി) 12-ാം ധനകാര്യ കമ്മീഷന് നൽകുന്ന നിവേദനത്തിൽ എന്തെല്ലാം ഉൾപ്പെടുത്തേണ്ടതുണ്ടെന്ന് സംബന്ധിച്ച് രാഷ്ട്രീയ കക്ഷികളുമായും ധനകാര്യ വിദഗ്ദ്ധന്മാരുമായും സംസ്ഥാന ഗവൺമെന്റ് ചർച്ച ചെയ്തുവോ എന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ) ഉണ്ടായി. താഴെപ്പറയുന്ന കാര്യങ്ങളാണ് ആവശ്യപ്പെട്ടിട്ടുള്ളത്.

- ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 280 പ്രകാരം കേന്ദ്ര സർക്കാരിൽ നിന്നും സംസ്ഥാനങ്ങൾക്ക് നൽകുന്ന വിഭവ വിഭജനം ജനസംഖ്യയ്ക്ക് 80%, നികുതി സമാഹരണ പ്രയത്നത്തിന് 10%, സാമ്പത്തിക തിരുത്തൽ നടപടികൾക്ക് 10% എന്നീ മൂന്ന് മാനദണ്ഡങ്ങൾ മാത്രമായിരിക്കണം.
- ആർട്ടിക്കിൾ 275 അനുസരിച്ചുള്ള ധനസഹായത്തിന് ഒരു ത്രിതല പ്രായോഗിക സമീപനം നിർദ്ദേശിച്ചിട്ടുണ്ട്.
  (1) വിഭവവിഭജന പ്രക്രിയയ്ക്ക് ശേഷമുള്ള പദ്ധതിയേതര റവന്യൂകമ്മി നികത്തേണ്ടതാണ്.
  (2) പദ്ധതി ധനസഹായവും പദ്ധതിയേതര റവന്യൂമിച്ചവും കണക്കിലെടുത്ത ശേഷമുള്ള പദ്ധതി റവന്യൂകമ്മി നികത്തേണ്ടതാണ്.
  (3) സംസ്ഥാനങ്ങൾക്കിടയിലുള്ള പ്രതിശീർഷ മൊത്ത റവന്യൂ കണക്കിലുള്ള മിച്ചം വളരെ വലിയ തലത്തിലുള്ളതാണെങ്കിൽ ഇത്തരത്തിൽ പിന്നോക്കം നിൽക്കുന്ന സംസ്ഥാനങ്ങളിൽ മുതൽ മുടക്കിനു വേണ്ടി മതിയായ റവന്യൂ കണക്ക് മിച്ചം ഉറപ്പുവരുത്തുന്നതിലേക്ക് അനുയോജ്യമായ ധനസഹായം ഉൾക്കൊള്ളിക്കുക.

LIBRARY ARCHIVES Kerala Legislative Assembly

- വരും കാലങ്ങളിലുള്ള പദ്ധതി സഹായം പൂർണ്ണമായും തിരിച്ചട യ്ക്കേണ്ടതല്ലാത്ത ധനസഹായമാക്കണം. കേരളത്തേപ്പോലുള്ള സംസ്ഥാനങ്ങൾ ടി ധനസഹായങ്ങൾ മനുഷ്യ വിഭവശേഷി വിക സനത്തിനുപയോഗിച്ചു എന്നതിനാൽ കേന്ദ്ര സർക്കാരിൽനിന്നുമെ ടുത്തിട്ടുള്ള വായ്പകളിന്മേൽ നാളിതുവരെയുള്ള മുഴുവൻ കടബാദ്ധ്യതകളും എഴുതിത്തള്ളേണ്ടതാണ്.

- വരുംകാലങ്ങളിൽ സംസ്ഥാന പദ്ധതിക്കായി കേന്ദ്രത്തിൽ നിന്നും നൽകുന്ന സഹായത്തിലെ വായ്പയിനവും നെഗോഷ്യേറ്റഡ് വായ്പയും പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്. എന്നാൽ പൊതു വിപണിയിൽ നിന്നുള്ള വായ്പയെടുക്കൽ സംവിധാനം വർദ്ധിപ്പി ക്കുകയും ഓരോ സംസ്ഥാനത്തിനും ഇതിലേക്കായി ഒരു പരിധി നിർണ്ണയിക്കേണ്ടതുമാണ്.

- ദേശീയ സമ്പാദ്യ പദ്ധതി സംസ്ഥാനത്തിന്റെ താത്പര്യങ്ങള നുസരിച്ച് പുനഃക്രമീകരണം നടത്തേണ്ടതാണ്.

- സംസ്ഥാനങ്ങൾക്കുള്ള വിഭവ വിഭജനത്തിനായി നിശ്ചയിക്കുന്ന കേന്ദ്രത്തിന്റെ വിഭജന വിധേയമായ വരുമാനത്തിന്റെ ശതമാനത്തെ കൂടാതെ ഇതിന്റെ 10% അധിക ഭാഗമായി സംസ്ഥാ നങ്ങളുടെ സഞ്ചിത നിധിയിലൂടെ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുവാനായി മാറ്റി വയ്ക്കേണ്ടതാണ്.

- ദുരിത ലഘൂകരണത്തിനും ദുരിതാശ്വാസ തയ്യാറെടുപ്പിനും സംസ്ഥാനങ്ങൾക്ക് സഹായം നൽകുന്നതിലേക്കായി നാഷണൽ ഡിസാസ്റ്റർ മിറ്റിഗേഷൻ ഫണ്ട് രൂപീകരിക്കേണ്ടതാണ്.

- യാഥാർത്ഥ്യാധിഷ്ഠിതവും ചിട്ടപ്പടിയുമായുള്ള സാമ്പത്തിക പ്രവചനങ്ങളും അനുമാനങ്ങളും നടത്തുന്നതിലേക്ക് വിശ്വസ നീയമായ വിവര ശേഖരങ്ങളുടെ ആവശ്യകത മനസ്സിലാക്കു ന്നതിനാൽ അടുത്ത ധനകാര്യ കമ്മീഷൻ ബന്ധപ്പെട്ട അടിസ്ഥാന മാനദണ്ഡങ്ങളും വിവരശേഖരവും ലഭ്യമാക്കുന്നതിലേക്കായി ഒരു സ്വതന്ത്ര അധികാര കേന്ദ്രത്തെ ചുമതലപ്പെടുത്തുവാൻ ഈ ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്യണമെന്നും ഇതിനാവശ്യമായ തുകയും സ്ഥാപന സംവിധാനങ്ങളും നിർദ്ദേശിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ചർച്ച നടത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly